# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P4/1448/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P4/1448/2023 തീയ്യതി: 07/09/2023

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-09-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എസ്.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അനിൽകുമാർ എസ്, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ ജെ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഉമാദേവി അമ്മ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി സുചിത്രാ ദേവി എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി എൽ. | അസി. സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ. ഫൈസൽ അഹമ്മദ് കെ.എ. | അസി. സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീ. സനൽ കുമാർ എസ്.കെ. | അസി. എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ രാജേന്ദ്രൻ എസ്. | അസി. എഞ്ചിനീയർ ഇൻ-ചാർജ്ജ് | 12-09-2022 | 22-09-2022 |
| ശ്രീമതി ശ്രുതി സിംഗ് | അസി. എഞ്ചിനീയർ | 23-09-2022 | 31-03-2023 |
| ശ്രീമതി സുമി മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. സോണൽ സലീം | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 29-07-2022 | 01-03-2023 |
| ശ്രീമതി മിയ വർഗ്ഗീസ് | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 01-03-2023 | 31-03-2023 |
| ഡോ. പ്രഭ കെ. നമ്പൂതിരി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2022 | 04-05-2022 |
| ഡോ. ഗിരൺ എസ്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 04-05-2022 | 31-03-2023 |
| ഡോ. പ്രമോദ് കുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 24-06-2022 |
| ഡോ. രാജി വിശ്വനാഥ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-06-2022 | 31-03-2023 |
| ശ്രീമതി ഷീജ എൻ. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി ശാരിക ഒ.എസ്. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി വിസ്മി വിശ്വം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു ജേക്കബ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബാ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജലക്ഷ്മി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-12-2022 |
| ശ്രീമതി നിഷ എലിസബത്ത് ജോഷ്വാ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 30-12-2022 | 05-02-2023 |
| ശ്രീ. സുബാഷ് സി.എൽ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ശ്രീ. ലിജു തോമസ് | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 14-06-2022 |
| ശ്രീമതി രമ്യാ കൃഷ്ണൻ എൽ | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 15-06-2022 | 31-03-2023 |
| ഡോ. ബിന്ദു എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 19-08-2022 |
| ഡോ. മഞ്ജു എം. | വെറ്ററിനറി സർജൻ ഇൻ ചാർജ്ജ് | 19-08-2022 | 27-09-2022 |
| ഡോ. ഭാഗ്യശ്രീ | വെറ്ററിനറി സർജൻ | 28-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പംഅക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.2 |
| 4 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1.3 |
| 5 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1.4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1.5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1.6 |
| 8 | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും Web Saankhya ACR പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1.7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | വസ്തു നികുതി തെറ്റായി നിർണയിച്ചു | 1-11 |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 20 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഫീസ് ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നില്ല. | 1-13 |
| 21 | തെരുവ് വിളക്ക് അറ്റകുറ്റപണികൾ,മെറ്റീരിയൽസ് വാങ്ങൽ നടപടികളിൽ | 1-14 |

| | | |
|---|---|---|
| | അപാകത | |
| 22 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.1,61,178/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 23 | ആംബുലൻസിന്റെ വാടക ഈടാക്കുന്നതിലും പരിപാലനത്തിലും ക്രമക്കേട് | 1-16 |
| 24 | പി.എച്ച്.സിക്ക് മരുന്നുകൾ വാങ്ങൽ-83288/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-17 |
| 25 | ജെ.സി.ബി, ടിപ്പർ എന്നിവ ഉപയോഗിച്ചതിന്റെ ടിപ്പ് ഷീറ്റ്, ക്വട്ടേഷൻ എന്നിവ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 26 | കന്നുകുട്ടി പരിപാലനം(വനിത)-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്ന് ലഭ്യമായില്ല. | 1-20 |
| 28 | കണക്റ്റിവിറ്റി മാപ്പ് പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- | 1-21 |
| 29 | പൊതു കിണറുകളി**ൽ** പമ്പ് സെറ്റ് സ്ഥാപിക്ക**ൽ**-ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 30 | ആവശ്യകത നിർണ്ണയിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ- 2,99,422/- രൂപ പാഴ്ചെലവ്. | 1-23 |
| 31 | തനത് വിഭവ സമാഹരണം- അവലോകനം | 1-24 |
| 32 | ഹരിതക**ർ**മ്മ സേന – അവലോകനം | 1-25 |
| 33 | തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1.26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 27.06.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 28-06-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാകാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പംഅക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്,നോട്ട് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

**1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = (-)68,01,469/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = (-)4,41,873/-

വ്യത്യാസം = (-)63,59,596/-

**1-1.3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല**

അങ്കണവാടി ഇലക്ട്രിഫിക്കേഷനായി PWD Electification Division, ആലപ്പുഴക്ക് നൽകിയ 89,706/- രൂപ കെ.എസ്.ഇ.ബി യ്ക്ക് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

**1-1.4 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല**

RP ഷെഡ്യൂളിൽ Market Receipt Current – 2,32,101/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 1,12,051 /-രൂപയാണ്. RP ഷെഡ്യൂളിൽ Market Receipt Current രണ്ട് ഹെഡിൽ ചേർത്തിരിക്കുന്നു. Market Receipt Current – -1,22,100/-രൂപ

**1-1.5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

Receipt From Sale Of Scrap എന്ന ഹെഡിൽ ഉൾപ്പെട്ട 18,491/- രൂപയാണ്. ഇത് സാധൂകരിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

**1-1.6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

B4 ഷെഡ്യൂൾ പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് – 50,43,043 /- രൂപ
RP40(b)SBI PFMs പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് – 54,23,606/- രൂപ
വ്യത്യാസം – 3,80,563/- രൂപ.
കേരള വാട്ടർ അതോറിറ്റി യിൽ ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയിൽ ചെലവഴിച്ചതിന് ശേഷം ബാക്കി വന്ന 3,80,563/- രൂപ കേരള വാട്ടർ അതോറിറ്റി തിരികെ നൽകിയത് SBI PFMS ൽ നിക്ഷേപിച്ചതിനാലാണ് വ്യത്യാസം വന്നത്.

**1-1.7 സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും Web Saankhya ACR പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
എ.സി.ആർ പ്രകാരമുള്ള ചെലവ് – 60,75,926/- രൂപ
സുലേഖ പ്രകാരമുള്ള ചെലവ് – 62,00,758/- രൂപ
വ്യത്യാസം - 1,24,832/- രൂപ
പ്രോജക്റ്റ് 17/23 പ്രകാരമുള്ള 1,26,676/- രൂപ യുടെ ചെലവ് ACR യിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ Hospital Waste Management- 1,824/- രൂപ ACR യിൽ കൂടി നിന്നു.

**1-2 ബജറ്റ്**

17.03.22 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.02.2023 തീയതിയിലെ 13(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 89,89,967/- |
| വരവ് | ₹ 3,10,65,159/- |
| ആകെ | ₹ 4,00,55,126/- |
| ചെലവ് | ₹ 3,15,07,032/- |
| നീക്കിയിരിപ്പ് | ₹ 85,48,094/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹ 8,18,185/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ ട്രഷറി അക്കൗണ്ടിലെ വരവ്, ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക നിലയിലും ഒഴിവാക്കിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഓ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,43,56,000 | 1,43,56,000 | 1,43,47,174 | 8,826 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,12,37,000 | 1,12,37,000 | 1,11,58,582 | 78,418 |
| സി.എഫ്.സി ഗ്രാന്റ് – ടൈഡ് – ട്രഷറി | 0 | 12,57,334 | 12,57,334 | 6,89,308 | 5,68,026 |
| സി.എഫ്.സി ഗ്രാന്റ് – അൺടൈഡ് – ട്രഷറി | 0 | 5,22,721 | 5,22,721 | 2,12,939 | 3,09,782 |
| സി.എഫ്.സി ഗ്രാന്റ് – ടൈഡ് – ബാങ്ക് | 31,49,070 | 35,67,000 | 67,16,070 | 27,89,337 | 39,26,733 |
| സി.എഫ്.സി ഗ്രാന്റ് – അൺടൈഡ് – ബാങ്ക് | 9,75,153 | 25,25,499 | 35,00,652 | 23,84,342 | 11,16,310 |
| മെയിന്റനൻസ്, റോഡ് | 0 | 77,24,000 | 77,24,000 | 38,80,999 | 38,43,001 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 49,43,000 | 49,43,000 | 46,99,621 | 2,43,379 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 922 | 9,97,850 | 9,98,772 | 9,98,772 | 0 |
| ഐ.സി.ഡി.എസ് | 9,63,377 | 13,29,476 | 22,92,853 | 6,61,446 | 16,31,407 |
| ശുചിത്വമിഷൻ | 12,24,808 | 1,50,000 | 22,44,665 | 10,19,857 | 9,15,808 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 7,38,723 | 9,00,000 | 1,63,87,232 | 9,00,000 | 7,38,723 |
| CMDRF | 14,638 | 0 | 14,638 | - | 14,638 |
| റ്റി.എസ്.സി | 84,000 | 1,50,000 | 2,34,000 | 1,99,599 | 34,401 |
| ഖരമാലിന്യ സംസ്കരണം | 10,150 | - | - | - | 10,150 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഹെൽത്ത് ഗ്രാന്റ് -പി.എച്ച്.സി | 0 | 2,40,358 | 2,40,358 | 0 | 2,40,358 |
| സബ്സെന്റർ | 0 | 1,11,898 | 1,11,898 | 0 | 1,11,898 |
| ജലനിധി | 10,000 | 0 | 10,000 | 0 | 10,000 |

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ സൂചിത്വം | 84,000 | 0 | 84,000 | 0 | 84,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 12,14,87,234/- | 110 | 22,55,340/- | 0 | 50 | 45.45 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 922 | 9,97,850 | 9,98,772 | 9,98,772 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 4,61,07,452 | 4,61,07,452 | 4,61,07,452 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10,04,400/- |
| വിധവാപെൻഷൻ | 95,82,200/- |
| വാർദ്ധക്യകാലപെൻഷൻ | 1,60,49,000/- |
| വികലാംഗപെൻഷൻ | 35,78,000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,34,600/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2023 ന് 3.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,428/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് അന്തിമമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി

പ്രവർത്തിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.08.2022 | 4/22 മുതൽ 6/22 വരെ | 12.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2020-19.03.2020 | 2014-15 മുതൽ 2018-19 വരെ | 18.05.2020 |

## 1-11 വസ്തു നികുതി തെറ്റായി നിർണയിച്ചു

ഗ്രാമപഞ്ചായത്തിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററും രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിലെ 5-ാം വാർഡിലെ 699, 700, 701 നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി. എന്നാൽ ടി നമ്പർ കടമുറികളിൽ കെട്ടിട ഉടമയായ ശ്രീ. പ്രദീപ്, ആക്കാട്ട് വീട്, ശിവമയം എന്ന വ്യക്തി സൂപ്പർമാർക്കറ്റ് നടത്തുന്നതിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഉപയോഗക്രമം ഒന്നായതിനാൽ മേൽ നമ്പർ പ്രകാരമുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ നികുതി ഇനത്തിൽ കുറവ് വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ചിരിക്കുന്ന നികുതി @30 രൂപ (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി@40 (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|
| 699 | 39.48 | 1647 | 2196 | 549 |
| 700 | 47.84 | 1996 | 2662 | 666 |
| 701 | 47 | 1961 | 2615 | 654 |
| ആകെ | 134.32 | 5604 | 7473 | 1869 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ കെട്ടിടങ്ങളെ 100 $M^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 2022-23 അർദ്ധ വർഷം മുതൽ വസ്തു നികുതി പുനർ നിർണയിച്ച് ഡിമാന്റ് തയ്യാറാക്കി ഉടമസ്ഥന് കൈമാറിയിട്ടുണ്ടെന്ന് മറുപടി നൽകി. സൂപ്പർമാർക്കറ്റിനു ലൈസൻസ് അനുവദിച്ച കാലം മുതലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വസ്തു നികുതി പുനർനിർണ്ണയിക്കുമ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം കൂടി പരിശോധിച്ച് (2011 ലെ കേരളപഞ്ചായത്തിരാജ് വസ്തു നികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ, ചട്ടം 9(2)) ആയതിനനുസരിച്ച് വസ്തുനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/29.12.2022

1-12 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മുത്തൂറ്റ് മൈക്രോ ഫിനാൻസ് എന്ന സ്ഥാപനം 22-23 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷമാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2 /22.07.23

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഫീസ് ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടി ലഭ്യമാക്കി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ (സി.എസ്.)എ 9- 764/2019 സർക്കുലർ പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻകടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-14 തെരുവ് വിളക്ക് അറ്റകുറ്റപണികൾ,മെറ്റീരിയൽസ് വാങ്ങൽ നടപടികളിൽ അപാകത

പദ്ധതി നമ്പർ – S001/23, തെരുവ് വിളക്ക് അറ്റകുറ്റപണികൾ, മെറ്റീരിയൽസ് വാങ്ങൽ
അടങ്കൽ - 5,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് - 3,33,355/- രൂപ

കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെ തെരുവ് വിളക്ക് അറ്റകുറ്റപണി നടത്തുന്നതിനാവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ക്വാട്ട് ചെയ്ത ബിജു ഫിലിപ്പ്, കൊച്ച് മേലതിൽ എന്ന ആളെ ഒഴിവാക്കി രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Divine Electricals കൊച്ചി, റോയ് കൊച്ച് കുഞ്ഞ് എന്നിവരിൽനിന്ന് നെഗോസിയേഷൻ വഴി ടെണ്ടർ ഉറപ്പിച്ച് മെറ്റീരിയൽസ് വാങ്ങി. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി മെറ്റീരിയൽസ് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ക്വാട്ട് ചെയ്ത് ബിജു ഫിലിപ്പ്, കൊച്ച് മേലതിൽ ടെണ്ടർ നേടിയതിന് ശേഷം ഗുണനിലവാരമില്ലാത്ത സാധനം സപ്ലൈ ചെയ്തിട്ടുള്ളതും ആയത് വ്യാപക പരാതികൾക്ക് കാരണമായിട്ടുള്ളതും ആയതിനാൽ ഇയാളെ ഈ പ്രവൃത്തിയിൽ പരിഗണിക്കേണ്ടതില്ല എന്ന 29-9-22 ലെ 1(1) നമ്പർ തീരുമാനം പ്രകാരമാണ് ഒഴിവാക്കിയത് എന്ന് മറുപടി ലഭ്യമാക്കി.

ടെണ്ടർ നേടിയതിന് ശേഷം ഗുണനിലവാരമില്ലാത്ത സാധനം സപ്ലൈ ചെയ്തിട്ടുള്ളതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ സ്വീകരിക്കുന്നതിന് മുൻപ് തന്നെ ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതായിരുന്നു. ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ക്വാട്ട് ചെയ്ത ആളെ ഒഴിവാക്കി മെറ്റീരിയൽസ് വാങ്ങുകയും ചെയ്തത് ശരിയായ നടപടിയല്ല. വാങ്ങൽ നടപടിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.1,61,178/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക ₹ | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 117/23, 47-ാം നമ്പർ അംഗനവാടി വൈദ്യുതീകരണം | പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ | 89,706/- | 11/8-11-22 |
| 2 | 93/ 23, ഐ.കെ.എം ന് വിഹിതം നൽകുക | ഐ.കെ.എം | 71,472 /- | 8/23-9-22 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 1,61,178/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,61,178/- രൂപ

## 1-16 ആംബുലൻസിന്റെ വാടക ഈടാക്കുന്നതിലും പരിപാലനത്തിലും ക്രമക്കേട്

പ്രോജക്റ്റിന്റെ പേര് - കിഴക്കേ കല്ലട കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് പരിപാലനം

പ്രോജക്റ്റ് നം. – 19/23

അടങ്കൽ തുക – 5,30,000/- രൂപ

ചെലവ് - 42,000/- രൂപ (തനത്ഫണ്ട്)

ചെക്ക് നം/തിയതി - 159025/18.10.22

എം.പി.യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് (KL-02-BQ-4578) കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ സി.നം.6/8428(6)2021/ജി.മെ.ആ(ആ), കൊല്ലം,തിയതി. 03/1/2022 നമ്പർ ഉത്തരവ് പ്രകാരം കിഴക്കേകല്ലട കുടുംബാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിരുന്നു. 2022-23വർഷത്തിൽ ഡ്രൈവറുടെ വേതനമിനത്തിൽ 42,000/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയും പ്രകാരമാണ്.
1) മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെ തനതുഫണ്ട് ചെലവഴിച്ചു.

15.6.23 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പൊതുതീരുമാനം ഖണ്ഡിക 10(1) പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്കും സി.എച്ച്.സി, എഫ്.എച്ച്.സി, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലെ ആംബുലൻസുകൾക്കും ആവശ്യമായി വരുന്ന ഡ്രൈവറുടെ വേതനം, ഇന്ധനചെലവ്, വാഹനത്തിന്റെ മെയിന്റനൻസ്, ആവർത്തന ചെലവ് എന്നിവ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിലവിലുള്ള ആംബുലൻസുകളുടെ (2023 ജൂൺ 15 വരെ) ആവർത്തന ചെലവ് വഹിക്കാൻ മതിയായ വിഹിതം എച്ച്.എം.സിയിൽ ഇല്ലായെങ്കിൽ ഒരു നിശ്ചിത വിഹിതം തനത് ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്. നിലവിലെ ആംബുലൻസിന്റെ

ആവർത്തന ചെലവുകൾ കണ്ടെത്താൻ സഹായകമായരീതിയിൽ ആംബുലൻസിന്റെ വാടക ക്രമപ്പെടുത്തേണ്ടതാണ്. അതിദരിദ്ര്യകുടുംബങ്ങൾ, താഴ്ന്നവരുമാനക്കാർ എന്നിവർക്ക് മാത്രം സൌജന്യ സേവനം നൽകികൊണ്ട് മറ്റ് വിഭാഗക്കാരിൽ നിന്നും വാഹനത്തിന്റെ വാടക ഈടാക്കാവുന്നതാണ്. ഇത് എച്ച്.എം.സിയുടെ വരുമാനമായി കണക്കാക്കുകയും, എച്ച്.എം.സിയിൽ ഫണ്ടില്ല എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ മാത്രം കുറവുള്ള വിഹിതം തദ്ദേശഭരണസ്ഥാപനം തനത് ഫണ്ടിൽ നിന്ന് നൽകുകയും വേണം. എന്നാൽ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് മേൽ തുക ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്നത്.

2. രസീതു പ്രകാരമുള്ള ആംബുലൻസ് വാടക തുക ഒടുക്ക് വരുത്തിയില്ല - എച്ച്.എം.സിക്ക് 58,735/- രൂപയുടെ നഷ്ടം.

ആംബുലൻസ് വാടകയിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും രസീതു മുഖാന്തിരം കളക്ട് ചെയ്യുന്ന തുക എച്ച്.എം.സി. ഫണ്ടിൽ (അക്കൌണ്ട് നം - 20280200001141, ഫെഡറൽ ബങ്ക് ചിറ്റുമല ബ്രാഞ്ച്) ഒടുക്കുവരുത്തിയിട്ടില്ല. ആ ഇനത്തിൽ എച്ച്.എം.സിക്ക് 58,735/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക കളക്ട് ചെയ്ത തീയതി | രസീതു നമ്പർ | കളക്ട് ചെയ്ത തുക (രൂപ) | ബാങ്കിൽ ഒടുക്കിയ തുക | ഒടുക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| 26.5.22 To 2.6.22 | 1/50-1/53 | 20,150/- | 13,650/- | 6,500/- |
| 13.7.22 To 21.7.22 | 1/79-1/85 | 9,846/- | 9,796 | 50/- |
| 26.8.22 To 5.9.22 | 2/512-2/519 | 8,934/- | 5,000/- | 3,934/- |
| 6.9.22 To 8.10.22 | 2/520-2/536 | 19,970/- | 10,964/- | 9,006/- |
| 11.10.22 To 17.11.22 | 2/537-2/558 | 23,018/- | 7,000/- | 16,018/- |
| 18.11.22 To 27.1.22 | 2/559-2/582 | 23,227/- | 0 | 23,227/- |
| | | | ആകെ- | 58,735/- |

ടി ഇനത്തിലുള്ള 58,735/- രൂപ ബാങ്കിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലോഗ് ബുക്ക് പ്രകാരം ആംബുലൻസ് ഓടിയ ഇനത്തിൽ 2/545/24.10.22 നമ്പർ രസീത് പ്രകാരം വാടക എഴുതിയിട്ടുണ്ടെങ്കിലും, തുക രേഖപ്പെടുത്തി ഒടുക്കു വരുത്തിയിട്ടില്ല. ആംബുലൻസ് വാടക കളക്ട് ചെയ്ത 27.1.23-വരെയുള്ള രസീതുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ (ഓഡിറ്റ് റിക്വിസിഷൻ നം- 1/26.7.23).

3. ലോഗ് ബുക്ക് പ്രകാരം ആംബുലൻസ് ഓടിയതിന്റെ വാടക രസീതു ഉപയോഗിച്ച് ഈടാക്കിയി ല്ല.

1.4.22-മുതലുള്ള ചില ദിവസങ്ങളിൽ ആംബുലൻസ് വാടക രസീതു ഉപയോഗിച്ച് കളക്ട് ചെയ്തിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ആംബുലൻസ് ഓടിയ തിയതി/സമയം (ലോഗ് ബുക്ക് പ്രകാരം) | ആംബുലൻസ് ഓടിയ സ്ഥലം | ഓടിയ കിലോമീറ്റർ |
|---|---|---|---|
| 1. | 11.4.22/11am-4pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 80 |
| 2. | 18.4.22/9am-4.30pm | എഫ്.എച്ച്.സി.-എൻ.എസ്. ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, അയത്തിൽ | 44 |
| 3. | 20.4.22/10.30am-4.30pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 54 |
| 4. | 22.4.22/3pm-5pm | എഫ്.എച്ച്.സി.-താലൂക്ക് ഹോസ്പിറ്റൽ, കുണ്ടറ | 21 |

| | | | |
|---|---|---|---|
| 5. | 11.5.22/5.20pm-8pm | എഫ്.എച്ച്.സി.-മെഡിസിറ്റി, കൊല്ലം | 41 |
| 6. | 2.6.22/3.30pm-6.50pm | എഫ്.എച്ച്.സി.-താലൂക്ക് ഹോസ്പിറ്റൽ, കുണ്ടറ | 11 |
| 7. | 25.6.22/10am-7pm | എഫ്.എച്ച്.സി.-ഊളൻപാറ, തിരുവനന്തപുരം | 166 |
| 8. | 12.7.22/2pm-6.50pm | എഫ്.എച്ച്.സി.-താലൂക്ക് ഹോസ്പിറ്റൽ, കുണ്ടറ | 31 |
| 9. | 20.8.22/12pm-3.20pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 57 |
| 10. | 10.10.22/10.30am-12pm | എഫ്.എച്ച്.സി-മുട്ടം | 17 |
| 11. | 9.11.22/9am-12pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 57 |
| 12. | 19.11.22/10am-3pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 63 |
| 13. | 24.12.22/9am-12pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 56 |
| 14. | 26.12.22/2pm-4pm | എഫ്.എച്ച്.സി.-താലൂക്ക് ഹോസ്പിറ്റൽ, കുണ്ടറ | 39 |
| 15. | 28.12.22/9am-2pm | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 45 |
| 16. | 30.12.22/1am-3.30am | എഫ്.എച്ച്.സി.-ഡിസ്ട്രിറ്റ് ഹോസ്പിറ്റൽ, കൊല്ലം | 54 |

സൗജന്യ നിരക്കിൽ രോഗികളെ കൊണ്ടുപോകുന്നതിന് കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ആംബുലൻസ് കമ്മിറ്റി നാളിതുവരെ വരെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

4. ലോഗ് ബുക്കിലെ അപാകതകൾ

ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ ഉള്ളടക്കം ചെയ്തിട്ടില്ല. 7/22 മാസം മുതൽ ഡീസൽ നിറച്ചതിന്റെ രേഖപ്പെടുത്തലുകളും ലോഗ് ബുക്കിൽ ഇല്ല. 23.1.23-ന് ശേഷം ഡിസൽ നിറച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഡിസൽ നിറച്ചതിന്റെയും, വാഹനം ഓടിയതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. മാസാന്ത്യ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. വിഷയവുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആംബുലൻസ് വാടക ഇനത്തിലെ നഷ്ടം ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 20/31.3.23

1-17 പി.എച്ച്.സിക്ക് മരുന്നുകൾ വാങ്ങൽ-83288/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ - S0014/23

അടങ്കൽ തുക - 8,00,000/- രൂപ (മെയിന്റൻസ് ഫണ്ട്-റോഡിതരം)

ചെലവ് - 8,00,000/- രൂപ

2022-23 ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പി.എച്ച്.സിക്ക് മരുന്നുകൾ വാങ്ങൽ, പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഇൻ ഹൌസ് ഡ്രഗ്

ബാങ്ക്, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വില (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില | ബിൽനം/ തിയതി |
|---|---|---|---|---|
| ഇൻ ഹൌസ് ഡ്രഗ് ബാങ്ക് | 1,00,000/- | 83,941/- | 16,059/- | 4/7.10.22 |
| കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 3,00,000/- | 2,32,771/- | 67,229/- | 5/25.10.22 |
| | | ആകെ | 83,288/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 83,288/- രൂപയുടെ മരുന്ന് ലഭ്യമാക്കാത്ത വിവരം ഇൻ ഹൌസ് ഡ്രഗ് ബാങ്ക്, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ അറിയിച്ചതിൽ സ്റ്റോക്ക് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ മരുന്ന് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലഭ്യമാക്കാത്ത മരുന്നിന്റെ വിലയായ 83,288/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയ ബില്ല്, സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 13 29.7.23

തടസ്സപ്പെടുത്തുന്ന തുക – 83,288/- രൂപ

1-18 ജെ.സി.ബി, ടിപ്പർ എന്നിവ ഉപയോഗിച്ചതിന്റെ ട്രിപ്പ് ഷീറ്റ്, ക്വട്ടേഷൻ എന്നിവ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജെ.സി.ബി, ടിപ്പർ എന്നിവ ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെ ട്രിപ്പ് ഷീറ്റ്, ക്വട്ടേഷൻ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പ്രവൃത്തി | ജെ.സി.ബി / ഹിറ്റാച്ചിക്ക് നൽകിയ തുക | ടിപ്പറിന് നൽകിയ തുക | ആകെ നൽകിയ തുക | ചെക്ക് നം തിയതി |
|---|---|---|---|---|
| മണ്ണ്ചോതിരത്തിലെ പകൽ വീട്ടിൽ നിക്ഷേപിക്കൽ. | 5,160/- (4.3*1200) | 4,800/- (8*600) | 9,960/- | 813196/ 4.7.22 |
| ഈസ്റ്റ് കല്ലട മാർക്കറ്റ് വൃത്തിയാക്കൽ | 6,240/- (5.2*1200) | 3,600/- (6*600) | 9,840/- | 013317/ 6.9.22 |
| കമ്മ്യൂണിറ്റി ഹാളിന്റെ പരിസരം വൃത്തിയാക്കൽ | 3,840/- (3.2*1200) | 600/-(1*600) | 4,440/- | 013318/ 6.9.22 |
| മതിയകം, ചിറ്റുമല, ചിറവരമ്പ് എന്നിവടങ്ങളിൽ മഴക്കാല പൂർവ്വശുചികരണം (ഹിറ്റാച്ചി) | 15,000/- (14.4*1000+600) | 0 | 15,000/- | 685253 /233/23 685271/ 28.3.23 |
| | | ആകെ- | 38,840/- | |

മേൽ പ്രവൃത്തികളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ ട്രിപ്പ് ഷീറ്റും, ടി വിഷയം സംബന്ധിച്ച് 25.10.21 ലെ 11(1)-നമ്പർ കമ്മിറ്റി തീരുമാനപ്രകാരമുള്ള ക്വട്ടേഷനും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രിപ്പ് ഷീറ്റുകൾ,

ക്വട്ടേഷൻ എന്നീ രേഖകളുടെ അഭാവത്തിൽ 38,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 11 / 29.7.23

തടസ്സപ്പെടുത്തുന്ന തുക – 38,840/- രൂപ

1-19 കന്നുകുട്ടി പരിപാലനം(വനിത)-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം - 67/23

അടങ്കൽ തുക - 11,50,000/- രൂപ (5,75,000/-വികസന ഫണ്ട് – ജനറൽ, 5,75,000/-)

ചെലവ് - 3,12,500/- രൂപ (3,12,500/- വികസന ഫണ്ട് – ജനറൽ, ഗുണഭോക്തൃവിഹിതം നേരിട്ട് അടവാക്കുന്നു.)

ബിൽ നം/ തിയതി - 14/20.3.23

മേൽ പദ്ധതിപ്രകാരം 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ പരിപാലനത്തിന് 50% സബ്സിഡി നിരക്കിൽ 46 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും, 25 ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. തദ്ദേശഭരണ സ്ഥാപന വിഹിതം - 6250/-രൂപ, സംസ്ഥാന വിഹിതം – 6250/- രൂപ ഉൾപ്പെടെ 12500/- രൂപ നിരക്കിൽ ആകെ 312500/- സബ്സിഡി ഇനത്തിൽ അസി. ഡയറക്ടർ, CFSSADO, കൊല്ലത്തിന് നൽകി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വെറ്ററിനറി ഡിസ്പെൻസറിയിലെ എൻട്രോൾമെന്റ് ലിസ്റ്റിൽ ഇല്ലാത്ത കന്നുകുട്ടികളുടെ പേരിൽ ആനുകൂല്യം നൽകി.

സർക്കാർ മാർഗ്ഗരേഖ പ്രകാരം മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. 65 ഫീമെയിൽ കന്നുകുട്ടികൾ ഉൾപ്പെട്ട വെറ്ററിനറി ഡിസ്പെൻസറിയിലെ എൻട്രോൾമെന്റ് രജിസ്റ്ററിൽ നിന്ന് 7 കന്നുകുട്ടികൾക്ക് മാത്രമാണ് ഗ്രാമസഭ അംഗീകരിച്ച് ആനുകൂല്യം നൽകിയത്. ബാക്കി ആനുകൂല്യം ലഭിച്ച 18 കന്നുകുട്ടികൾ എൻട്രോൾമെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതല്ല. ഇവയുടെ ഉടമകൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുമല്ല.

2) സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

കന്നുകുട്ടി പരിപാലനം പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപന വിഹിതം - 6,250/- രൂപ, സംസ്ഥാന വിഹിതം - 6,250/-രൂപ ഉൾപ്പെടെ 12,500/- രൂപ നിരക്കിൽ ആകെ 3,12,500/- രൂപ സബ്സിഡിയിനത്തിൽ അസി. ഡയറക്ടർ, CFSSADO, കൊല്ലത്തിന് നൽകിയെങ്കിലും, പരിശോധനയ്ക്ക് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം സബ്സിഡിയിനത്തിൽ 71,613/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 2,40,887/-രൂപയുടെ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.- 1ന് രേഖാമൂലം വിശദീകരണവും, ക്രമ നം.- 2ന് 2,40,887/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 2,40,887/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 12/29.7.23

തടസ്സപ്പെടുത്തിയ തുക – 2,40,887/- രൂപ

1-20 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ - S0013/23

അടങ്കൽ തുക - 2,00,000/- രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ് - 2,00,000/- രൂപ, ബിൽ നം/തിയതി - 4/20.2.23

2022-23 ൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥ നായി നടപ്പിലാക്കിയ പദ്ധതിയാണ് ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ. പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് 2,00,000/- രൂപ നൽകിയെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായില്ല. ആയതിനാൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയില്ല. 2,00,000/- രൂപയുടെ മരുന്ന് ലഭ്യമാക്കിയ ബില്ല്, സ്റ്റോക്ക് ഉൾപ്പടെയുള്ള രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 14/ 29.7.23

തടസ്സപ്പെടുത്തുന്ന തുക – 2,00,000/- രൂപ

1-21 കണക്ടിവിറ്റി മാപ്പ് പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല-

പ്രോജക്റ്റ് നം. – 48/23

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ തുക – 25,000/- രൂപ

ചെലവ് തുക – 22,149/- രൂപ

പഞ്ചായത്ത് ഡയറക്ടറുടെ PAN / 3173/2021 - J (AP) തീയതി 23.11.2021 കത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കണമെന്ന നിർദേശിക്കുന്നു. ആയതു പ്രകാരം 2 പേരെ നിയമിച്ച് മാപ്പ് തയ്യാറാക്കിയതിന്ന 2021-22 ൽ 20,000/- രൂപയും 2022-23 ൽ 22,149/- രൂപയും (ബിൽ നം. 188/23 തീ. 31.12.22 - 19,149/- രൂപ, ബിൽ നം. 329/22-23 തീ. 2.3.23 - 3,000/- രൂപ) ചെലവഴിച്ചു. റോഡ് മാപ്പ് തയ്യാറാക്കിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ഇതിന്റെ ആധികാരികത അസി. എൻജിനീയർ പരിശോധിച്ചതായി കാണുന്നില്ല. ഇതു പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. റോഡ് കണക്ടിവിറ്റി മാപ്പ് പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 9/20-7-23ന്ന തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-22 പൊതു കിണറുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ-ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നം. 50 / 23

പൊതു കിണറുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ

വികസന ഫണ്ട് (സി എഫ്.സി) അടങ്കൽ – 1,50,000/- രൂപ

ചെലവ് തുക – 93,992/- രൂപ

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ മുട്ടം, കൊടുവിള ശിങ്കാരപ്പള്ളി, താഴം, പഴയാർ എന്നീ സ്ഥലങ്ങളിലെ പൊതു കിണറുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ചതിന്ന നികുതി ഉൾപ്പെടെ 93,992/- രൂപ വൌച്ചർ നം. XVFC/2022-23|P181/27.3.2023 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പഴയാർ ഒഴികെ മറ്റുള്ള സ്ഥലങ്ങളിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കി പമ്പ്സെറ്റ് പ്രവർത്തന ക്ഷമമാക്കിയില്ല. പമ്പ് സെറ്റിന്ന വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പമ്പ്സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതു വരെ 93,992/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പമ്പ് സെറ്റിന്റെ വാറന്റി കാലാവധി, പ്രവൃത്തി ലക്ഷ്യം കൈവരിക്കുന്ന കാലയളവിനുള്ളിൽ അവസാനിക്കുന്ന പക്ഷം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഗുണഭോക്തൃസമിതി രൂപീകരിച്ചു കുടിവെള്ള പദ്ധതി സമിതിക്കു കൈമാറി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/29.7.23-ന് വൈദ്യുതി കണക്ഷൻ സംബന്ധിച്ച്

സെക്രട്ടറിക്ക കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

തടസ്സപ്പെടുത്തുന്ന തുക – 93,992/- രൂപ

1-23 ആവശ്യകത നിർണ്ണയിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ- 2,99,422/- രൂപ പാഴ്ചെലവ്.

പ്രോജക്റ്റ് നം. 52/23

കിഴക്കേ കല്ലട കുടുംബ ആരോഗ്യ കേന്ദ്രത്തിന ആംബുലൻസിന ഷെഡ്

തനതു ഫണ്ട് – 3,00,000/- രൂപ

അളവു പുസ്തകം - 12/21-22

കരാർ നം. 14/ 22.2.22

പഞ്ചായത്തിന എം.പി. ഫണ്ടിനത്തിൽ ലഭിച്ച ആംബുലൻസിന വേണ്ടി നിർമ്മിച്ച ഷെഡിൽ ആവശ്യമായ സ്ഥലസൗകര്യമോ, വാഹനം പ്രവേശിപ്പിക്കാനുള്ള വഴിയോ നാളിതുവരെ ഒരുക്കാത്തതിനാൽ ഉപയോഗ ശൂന്യമായി കിടക്കുന്നു. ആയതിനാൽ 2,99,422/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ ഈ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് ആംബുലൻസിന്റെ സൈസിനനുസരിച്ച് മാറ്റം വരുത്തണമെന്ന അസി. എൻജിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 30/5/2022 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ചെക്ക് നം. 065449/29/7/2022 പ്രകാരം 2,99,422/- രൂപ നികുതി ഉൾപ്പെടെ കരാറുകാരന നൽകുകയും ചെയ്തു.

25/7/2023 - ൽ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ നാളിതു വരെ ആംബുലൻസിന ഷെഡിൽ കയറാൻ വഴി ഒരുക്കിയതായി കണ്ടില്ല. ഷെഡിലേക്ക് കയറാനുള്ള വഴി മതിൽ കെട്ടി അടച്ച നിലയിലാണ്. വാഹനം ഷെഡിൽ കയറ്റിയാൽ - ഒരു വശത്തെ ഡോർ ഭാഗികമായി തുറക്കാനാവശ്യമായ ഉൾ വീതിയെ ഷെഡിനുള്ളൂ എന്ന ആംബുലൻസ് ഡ്രൈവർ അറിയിച്ചു. 3.03 മീ. ആണ് ഷെഡിന്റെ ഉൾവശത്തെ വീതി. ആംബുലൻസിന മിറർ സൈസ് കഴിച്ച് 1.85 മീറ്റർ വീതിയുണ്ട്. ആയതിനാൽ ഒരു വശം ചേർത്തുനിർത്തിയാൽ പോലും ഒരു സൈഡ് ഡോർ ഭാഗികമായേ തുറക്കാനാകൂ. എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ പോലും ആവശ്യകത വിലയിരുത്താതിരുന്നത് നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഇതു ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ തറ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തിയിരുന്നെങ്കിലും തറ കോൺക്രീറ്റ് ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റിൽ കോൺക്രീറ്റ് ഇല്ലാതെ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തിയതിന്റെ യുക്തിഹീനത നിർവഹണോദ്യോഗസ്ഥന്റെ അലംഭാവമാണ് സൂചിപ്പിക്കുന്നത്. എന്നാൽ റിവൈസഡ് എസ്റ്റിമേറ്റിൽ കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/29.7.23-ന് കുടുംബാരോഗ്യ കേന്ദ്രം അറ്റ കുറ്റ പണികൾക്കായി 165/23 പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, ആംബുലൻസിന കവാടം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

1-24 തനതു വിഭവ സമാഹരണം- അവലോകനം

1) വസ്തുനികുതി

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ഇത്തരത്തിലുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഇതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 12.05.2023-ലെ 3(1)-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല.

വലിയ കെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളാക്കുമ്പോൾ ആകെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് നികുതി നിശ്ചയിച്ച് ഈടാക്കുന്നത്. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃതമായി കൂട്ടിച്ചേർത്തകെട്ടിടങ്ങളുടെ വിവരങ്ങൾ അറിയിക്കുന്നതിന് ജൂൺ 30 വരെ അവസരം നൽകിയതിൽ 71അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

2) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.(ഖണ്ഡിക 1-12ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്). ഗ്രാമപഞ്ചായത്തിന്റെ 12.10.2022 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ലൈസൻസ് ഫീസ് ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

1-25 ഹരിതകർമ്മ സേന - അവലോകനം

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഡുകളുടെ എണ്ണം | : | കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്<br>15 |
| 2 | ഓരോ വാർഡുകളിലെയും കുടുംബങ്ങളുടെ എണ്ണം/സ്ഥാപനങ്ങളുടെ എണ്ണം/ആകെ ജനസംഖ്യ | : | കുടുംബങ്ങൾ -6245<br>സ്ഥാപനങ്ങൾ-342 |
| 3 | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം (വാർഡ്തല വിവരം) | : | ഒരു വാർഡിൽ 2 പേർ വീതം ആകെ 30പേർ |
| 4 | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ | : | ഉണ്ട് |
| 5 | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ? | : | ഉണ്ട് |
| 6 | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ? | : | ഉണ്ട്<br>ഗ്രാമപഞ്ചായത്ത് നിലവിൽ കരാർ വച്ചിട്ടുള്ളത് ഐ.ആർ.റ്റി.സി കൺസൾട്ടൻസിയുമായി ആണ് |
| 7 | MCF കൾ,RRF കൾ ഉണ്ടോ? | : | MCF-2 , Mini MCF- |
| 8 | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? (വിശദവിവരം ചേർക്കുക) | : | അതെ,<br>MCF ൽ അടിസ്ഥാന സൌകര്യങ്ങൾ കുറവാണ്. |
| 9 | ബെയിലിംഗ്,ഷ്രഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | : | ഇല്ല |
| 10 | ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ?<br>പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ? | : | ഹരിതകർമ്മ സേനയ്ക്ക് വാഹനമില്ല, കളക്ഷൻ സമയത്ത് യൂസർഫീ ലഭിക്കുന്നതിന് വീടുകളിൽ നിന്നും ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്.<br>വാർഡുകളിൽ അനൌൺസ്മെന്റ്, നോട്ടീസ് വിതരണം, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പടെയുള്ളവർക്ക് ബോധവൽക്കരണം എന്നിവ നടത്തേണ്ടതാണ് |
| 11 | ഹരിതകർമ്മസേനാംഗങ്ങളുടെ മാസവരുമാനം ?<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ? | : | Rs – 6,090/-<br>ഇല്ല |
| 12 | ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ?<br>മോണിറ്ററിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക | : | ആധികാരിക കലണ്ടർ പ്രകാരം കളക്ഷൻ ആരംഭിച്ചിട്ടുണ്ട്.<br>ഹരിതകർമ്മസേനയുടെ മോണിറ്ററിംഗ് ഹരിതസഹായ സ്ഥാപനമായ IRTC നടത്തുന്നു. |
| 13 | ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ?<br>(Eg:ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ......) | : | യൂസർഫീ കളക്ഷൻ |
| 14 | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ | : | വ്യാപാരി വ്യവസായികളെ വിളിച്ചുകൂട്ടി ബോധവൽക്കരണം, പഞ്ചായത്തിലെ എല്ലാ |

| | | | |
|---|---|---|---|
| | കൈക്കൊണ്ട നടപടികൾ | | സേവനങ്ങൾക്കും യൂസർഫീസ് നിർബന്ധമാക്കി |
| 15 | നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം/പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ-സ്വീകരിച്ച നടപടികൾ | : | ഗ്രാമപഞ്ചായത്ത് തല മാലിന്യ മുക്തവുമായി ബന്ധപ്പെട്ട് അസി. സെക്രട്ടറി നോഡൽ ഓഫീസർ ആയി ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എല്ലാ കടകളിലും സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് സ്ക്വാഡ് നിശ്ചിത ഉൽപ്പന്നങ്ങൾ ഉപയോഗിക്കരുതെന്ന കർശന നിർദ്ദേശങ്ങൾ നൽകി. |
| 16 | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ളാ അടിസ്ഥാന സൗകര്യങ്ങൾ (വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ? | : | ഓഫീസ് സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനം വാടകയ്ക്ക് നൽകിയിരിക്കുന്നു |

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

1) കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളാണുള്ളത് എല്ലാ വാർഡുകളിലും രണ്ടംഗങ്ങൾ വീതം 30 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്നവ തരംതിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നു.

2) യൂസർഫീയായി 2023 മാർച്ചിൽ 1,50,700/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്. മാർച്ച് മാസത്തിൽ അംഗങ്ങൾക്ക് കൂടിയ ശമ്പളം 6,090/- രൂപയും കുറഞ്ഞ ശമ്പളം 2,436/- രൂപയും ആയിരുന്നു. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്.

3) യൂസർ ഫീ കളക്ഷൻ വർദ്ധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീട്ടു വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

4) 1496/2020 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഐറ്റം 14 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിബന്ധമാക്കിയിട്ടുണ്ട്. 06.01.23 തീയതിയിലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിനായി അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.02.23 ലെ 4(4) തീരുമാന പ്രകാരം 01.03.2023 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനയുടെ യൂസർഫീ രസീത് നിർബന്ധമാക്കി.

5) പ്ലാസ്റ്റിക് ഉൾപ്പടെയുള്ള വിവിധ ഇനം അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ പുറത്തിറക്കിയിരിക്കുന്ന കലണ്ടർ പ്രകാരം ശേഖരണം നടത്തുന്നുണ്ട്.

6) 2022-23 സാമ്പത്തികവർഷത്തിൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് വേർതിരിച്ച് ക്ലീൻ കേരള

കമ്പനിയ്ക്ക് കൈമാറിയ പ്ലാസ്റ്റിക് ഇനങ്ങളിൽ നിന്നായി 81,094.30/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്ത ഇടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണയ സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായി മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻകേരള കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1.26 തൊഴിലുറപ്പ് പദ്ധതി- അവലോകനം

2022-23 വർഷത്തിലെ ലേബർ ബഡ്ജെറ്റ് പ്രകാരം 3,92,57,000/- രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 4,50,72,452/- രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 4,43,54,000/- രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 7,18,452/- രൂപയും മെറ്റീരിയൽസ് വിലയായി 10,35,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 694 തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി. ആസ്തി നിർമ്മാണ പ്രവൃത്തികൾ കൂടുതൽ എറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26.07.23 മുതൽ 27.07.23 വരെ | കെ.എസ്.എ.കെ.എൽ.എം.പി.4/1448/23/16.08.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 14,80,000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.) | 14,80,000 | 0 |
| " | " | 1,42,036 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,42,036 | 0 |
| " | " | 1000000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1000000 | 0 |
| " | " | 1,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ് | 1,00,000 | 0 |
| " | " | 43,407 | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) | 43,407 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | " | 1,00,000 | അനുപൂരക പോഷകാഹാരം പരിപാടി (ജനറൽ) | 1,00,000 | 0 |
| | " | 2,00,000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.) | 2,00,000 | 0 |
| " | " | 1,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ് | 1,00,000 | 0 |
| " | " | 2,72,000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 2,72,000 | 0 |
| " | " | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| " | " | 1,80,747 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 1,80,747 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക (രൂപ) | | (രൂപ) |
|---|---|---|---|---|---|
| പി.ഡബ്ല്യൂഡി | അംഗൻവാടി വൈദ്യുതീകരണം | 11/08.11.22 | 89,706 | 0 | 89,706 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 3,59,655/- രൂപയിൽ 3,59,655/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | 0 | 2,21,71,280 | 28,03,751 | - | 1,93,67,529 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| 2013-14 | അവലോകന റിപ്പോർട്ട് | 2014-15 | 4-1-10 | പകൽവീട്ടം വൃദ്ധസദനം നിഷ്ക്രിയം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-2017 | 2-1,<br>2-2 | 2016-2017 | 2-1,<br>2-2 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-7-1,<br>1-7-2,<br>1-7-3 | 2019-20 | അനുബന്ധം – 1<br>അനുബന്ധം – 2 | സാമൂഹ്യ സുരക്ഷാ പെൻഷൻ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-24<br>1-25 | | അനുബന്ധം – 1<br>അനുബന്ധം – 2 | മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ല വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,61,178/- | ശ്രീമതി സുചിത്രാദേവി, സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-17 | 83,288/- | ഡോ. ഗിരൺ എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-18 | 38,840/- | ശ്രീമതി സുചിത്രാദേവി, സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-19 | 2,40,887/- | ഡോ. ഭാഗ്യശ്രീ, വെറ്ററിനറി സർജൻ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| 1-20 | 2,00,000/- | ഡോ. രാജി വിശ്വനാഥ്, മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി |
| 1-22 | 93,992/- | ശ്രീമതി ശ്രുതി സിംഗ്, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുചിത്ര ദേവി. എം | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ശ്രീമംഗലത്ത്, വലിയപാടം, വെസ്റ്റ് കല്ലട. |
| ഡോ. ഭാഗ്യശ്രീ | വെറ്ററിനറി സർജൻ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | ശ്രീ വിജയ, ആശുപത്രി ജംഗ്ഷൻ, കുണ്ടറ. |
| ഡോ. ഗിരൺ എസ്. | മെഡിക്കൽ ഓഫീസർ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | അയോധ്യ, കുമ്മല്ലൂർ പി.ഒ. ആദിച്ചനല്ലൂർ. |
| ഡോ. രാജി വിശ്വനാഥ് | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി | ശ്രീരാഗം, മേടയിൽ ജംഗ്ഷൻ, തിരുമുല്ലാവാരം, കൊല്ലം. |
| ശ്രീമതി ശ്രുതി സിംഗ് | അസി. എഞ്ചിനീയർ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ശ്രുതിലയം, മല്ലൻകുന്നവിള വക്കം പി.ഒ, തിരുവനന്തപുരം. |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(1)/18 /28.2.18 | 3 |
| 98-99 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(2)/18 /28.2.18 | 3 |
| 99-2000 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(3)/18 /28.2.18 | 3 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(4)/18 /28.2.18 | 17 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(5)/18 /28.2.18 | 8 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(6)/18 /28.2.18 | 3 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(7)/18 /28.2.18 | 5 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(8)/18 /28.2.18 | 12 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(9)/18 /28.2.18 | 15 |
| 2006-07 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(1)/19 /07.06.19 | 17 |
| 2007-08 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(2)/19 /07.06.19 | 13 |
| 2008-09 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(3)/19 /07.06.19 | 9 |
| 2009-10 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(4)/19 /07.06.19 | 9 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.എൽ.എം./പി.4/അദാലത്ത്/2010-11,11-12 /170/22, 20.08.22 | 7 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2012-13/1249/22, 20.08.22 | 11 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2013-14,2014-15 /1249/22, 20.08.22 | 18 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2015-16/1249/22, 20.08.22 | 10 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18 | 8 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി 4/206/23 | 5 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | 8 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം./പി 4/561/2021, 16.06.2023 | 25 |
| 2020-21 | കെ.എസ്.എ.-കെ.എൽ.എം./പി 4/1555/2021, 15.07.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.-കെ.എൽ.എം./പി 4/2293/22, 27/03/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 28-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the East Kallada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of East Kallada Grama Panchayat for the year 2022-2023

Date: 07/09/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of East Kallada Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit. Key ratios and notes on account.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand register does not match with Financial statements

4) Registers do not match with accounts Market Receipt, Receipt from sale of scrap.

5) Payment voucher misclassification.

6) Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant account.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്